**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.815 30.10.2019 -ലെ മറുപടിക്ക്**

**<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട്ടുവയ്ക്കുന്നതിനുള്ള ധനസഹായം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട്ടുവയ്ക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭവന സമുച്ചയങ്ങളും ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്നു.<br>2007-08 മുതൽ 2015-16 വരെ വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചതിൽ പൂർത്തീകരിക്കാതെയുണ്ടായിരുന്ന 16360 വീടുകളിൽ 9269 വീടുകൾ പൂർത്തിയാക്കി. പ്രസ്തുത ഗുണഭോക്താക്കൾക്ക് നിലവിലുള്ള നിരക്കിന് ആനുപാതികമായ ഗഡുക്കൾ അനുവദിച്ചു. ഇതിനു പുറമേ, കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നിർമ്മാണം ആരംഭിച്ചെങ്കിലും, പൂർത്തീകരിക്കാത്ത ഭവന ങ്ങളുടെ പൂർത്തീകരണത്തിനായി വീടൊന്നിന് ഈ സാമ്പത്തിക വർഷം 1.50 ലക്ഷം രൂപ അനുവദിക്കുന്ന പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം 2016-17, 2017-18 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 23801 വീടുകളിൽ 16853 വീടുകൾ പൂർത്തീകരിച്ചു. |
| (ബി) | വീട്ടുവയ്ക്കുന്നതിനുള്ള ധന സഹായം ലഭ്യമാക്കുന്നതിന്, സർക്കാർ പുതിയ പദ്ധതികളെന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ